വ്യാജങ്ങൾ കടത്തുവാൻ സാധ്യതയുള്ള റോഡുകളിൽ വാഹന പരിശോധന നടത്തിയിരുന്നു. വയനാട് ഡിവിഷനിൽ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ/ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ എന്നിവരുടെ നേതൃത്വത്തിൽ സ്പെഷ്യൽ ഡ്രൈവ് കാലയളവിൽ ആഴ്ചയിൽ രണ്ട് ദിവസം ജില്ലാതല കോമ്പിംഗ് ഓപ്പറേഷനുകൾ സംഘടിപ്പിച്ചിട്ടുള്ളതാണ്.

പൊതുസ്ഥലങ്ങളിൽ മദ്യപാനം നടത്തുന്നതിനെതിരെ കർശന നടപടി സ്വീകരിച്ചിട്ടുള്ളതും, എൻ.ഡി.പി.എസ്. കുറ്റകൃത്യങ്ങൾ തടയുന്നതിനായി "ഷാഡോ എക്സൈസ്" ഉൾപ്പെടെയുള്ള സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി ഊർജ്ജിതമായ എൻഫോഴ്സ്മെന്റ് നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. സ്കൂൾ/കോളേജ് കാമ്പസുകളുടെ പരിസരത്ത് മദ്യ-മയക്കുമരുന്ന് വില്പന തടയുന്നതിനായി "ഓപ്പറേഷൻ യുവ" എന്ന പേരിൽ പ്രത്യേക പരിശോധന നടത്തിയിരുന്നു. കള്ളുഷാപ്പുകളിൽക്കൂടി കൃത്രിമ കള്ള് വിൽക്കുവാൻ സാധ്യതയുള്ളതിനാൽ കള്ളുഷാപ്പുകളിൽ നിരന്തര പരിശോധന നടത്തി, സംശയമുള്ള കള്ളുഷാപ്പുകളിൽനിന്നും സാമ്പിൾ ശേഖരിച്ച് രാസപരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്.

വിഴിഞ്ഞം തുറമുഖ പദ്ധതി

55(5640) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം തുറമുഖ പദ്ധതി പ്രവർത്തനങ്ങൾക്കായി ഓഫീസ് പ്രവർത്തനം ആരംഭിച്ചതെപ്പോഴാണ് ;

(ബി) വിഴിഞ്ഞം തുറമുഖ പദ്ധതിയ്ക്കായി സംസ്ഥാന ബഡ്ജറ്റിൽ ആദ്യമായി തുക വകയിരുത്തിയത് ഏതു സാമ്പത്തിക വർഷമാണ് ; എത്ര തുക വകയിരുത്തി ;

(സി) തുടർന്നുള്ള ഓരോ സാമ്പത്തിക വർഷവും വിഴിഞ്ഞം തുറമുഖ പദ്ധതിക്കായി എത്ര തുക വീതം സംസ്ഥാന ബഡ്ജറ്റുകളിൽ വകയിരുത്തുകയുണ്ടായി എന്നു വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 15-12-2004-ൽ ആണ് പ്രവർത്തനം ആരംഭിച്ചത്.

(ബി) വിഴിഞ്ഞം തുറമുഖ പദ്ധതിക്കായി സംസ്ഥാന ബഡ്ജറ്റിൽ ആദ്യമായി തുക വകയിരുത്തിയത് 2004-05 സാമ്പത്തിക വർഷമാണ്. 50 ലക്ഷം രൂപയാണ് വകയിരുത്തിയത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വിഴിഞ്ഞം പദ്ധതിക്കായി ഓരോ സാമ്പത്തിക വർഷവും ബഡ്ജറ്റുകളിൽ വകയിരുത്തി ലഭ്യമാക്കിയ തുക ചുവടെ ചേർക്കുന്നു :

സാമ്പത്തിക വർഷം	തുക
2004-05	50,00,000
2005-06	NIL
2006-07	NIL
2007-08	13,25,00,000
2008-09	27,99,65,000
2009-10	25,00,00,000
2010-11	1,40,85,73,000
2011-12	1,95,00,00,000
2012-13	2,26,52,97,000
2013-14	1,00,00,00,000
2014-15	NIL
ആകെ തുക	7,29,13,35,000

വിഴിഞ്ഞം തുറമുഖം പദ്ധതി

56(5641) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം തുറമുഖം പദ്ധതിയുടെ കാര്യത്തിൽ സർക്കാർ എടുത്ത അന്തിമ തീരുമാനം വിശദമാക്കാമോ ;

(ബി) സർവ്വകക്ഷി യോഗത്തിലും കമ്പനി ബോർഡ് യോഗത്തിലും ഉയർന്നുവന്ന എന്തെല്ലാം നിർദ്ദേശങ്ങൾ സർക്കാർ അംഗീകരിക്കുകയുണ്ടായി ; അവഗണിച്ചവ എന്തെല്ലാം ; മാറ്റം വരുത്തിയവ ഏതെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly